IVO-5/40/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

കെ.ടി.കുഞ്ഞലീമ മുതൽ പേർ
കെ.ടി. കോംപ്ലക്സ്
ഇരിട്ടി

സർ,

വിഷയം:: ഇരിട്ടി നഗരസഭയിൽ നിന്നും കെട്ടിട നമ്പർ റദ്ദ് ചെയ്ത് ലൈസൻസ് അനുവദിക്കാത്തത് - സംബന്ധിച്ച്.

സൂചന: പേരാവൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ .2361

.................................

ഇരിട്ടി മുനിസിപ്പാലിറ്റി വാർഡ് 9 ൽ ഇരിട്ടി ടൗണിൽ കെ.ടി കോംപ്ലക്സ് എന്ന പേരിലുള്ള 469 മുതൽ 499 വരെയുള്ള റൂമുകളുടെ ഉടമകളായ അപേക്ഷർ 1980 മുതൽ പിതാവായ മമ്മൂട്ടി ഹാജിയുടെ ഉടമസ്ഥതയിലുള്ള ടി കെട്ടിടം 1980 മുതൽ നികുതി അടച്ച് ഉപയോഗിച്ച് വരുന്നു. പിന്നീട് പിതാവിൽ നിന്ന് അവകാശം ലഭിച്ചതിനാൽ പരാതിക്കാരുടെ പേരിലാണ് ടി മുറികൾ . 2019-20 വരെ ടി കടകൾക്ക് നികുതി അടയ്ക്കുകയും ലൈസൻസ് അനുവദിക്കുകയും ചെയ്തിരുന്നു. ആയതിന് ശേഷം അനധികൃത നിർമ്മാണം നടത്തി എന്നതിനാൽ 30 ഓളം മുറികളുടെ കച്ചവട ലൈസൻസ് നഗരസഭ പുതുക്കി നൽകുന്നില്ല.

അനധികൃത നിർമ്മാണത്തെ തുടർന്ന് നിലവിലുണ്ടായിരുന്ന കെട്ടിട നമ്പറുകൾ റദ്ദ് ചെയ്യുമ്പോൾ ഉടമസ്ഥർക്ക് പറയാനുള്ളത് കേൾക്കാൻ അവസരം നൽകിയതായി കാണുന്നില്ല. ആയതിനാൽ അപേക്ഷ ജില്ലാ തല സമിതിയിലേക്ക് എസ്കലേറ്റ് ചെയ്യുന്നു.

വിശ്വസ്തതയോടെ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
13/01/2024